Reg. No. : ..................................

Name : ......................................

**FY 48**

**IMPROVEMENT**
**JULY 2019**

Time : 2½ Hours
Cool-off time : 15 Minutes

Part – III

# BUSINESS STUDIES

Maximum : 80 Scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**Answer all the questions from 1 to 9. Each carries 1 Score.** **(9 × 1 = 9)**

1. A company wants to purchase a plant and machinery as a part of its modernization programme. Identify the type of fund required.
   (a) Short-term capital
   (b) Working capital
   (c) Fixed capital
   (d) None of these

2. A receipt issued by the commanding officer of the ship when the cargo is loaded on the ship is known as
   (a) shipping bill
   (b) mates receipt
   (c) cargo receipt
   (d) shipping order

3. Which of the following is not a characteristic of business ?
   (a) Production
   (b) Exchange or sale
   (c) Wages or salaries to investors
   (d) Risk element

4. Find the odd one.
   (a) General stores
   (b) Speciality shops
   (c) Street stall holders
   (d) Cheap jacks

**1 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. 1 സ്കോർ വീതം.**

**(9 × 1 = 9)**

1. ഒരു കമ്പനി അതിന്റെ ആധുനികവൽകരണ നടപടിക്രമങ്ങളുടെ ഭാഗമായി ഒരു പുതിയ പ്ലാന്റ് ആന്റ് മെഷിനറി വാങ്ങുവാൻ തീരുമാനിച്ചു. ഇതിനുവേണ്ടിവരുന്ന ഫണ്ടിന്റെ തരം തിരിച്ചറിയുക.

   (a) ഹ്രസ്വകാല മൂലധനം

   (b) പ്രവർത്തന മൂലധനം

   (c) ദീർഘകാല മൂലധനം

   (d) ഇവയൊന്നുമല്ല.

2. സാധനങ്ങൾ കപ്പലിൽ കയറ്റിയിട്ടുണ്ടെന്നതിന് കപ്പലിലെ ചീഫ് ഓഫീസർ നൽകുന്ന രസീതിനെ ________ എന്ന് വിളിക്കുന്നു.

   (a) ഷിപ്പിംഗ് ബില്ല്

   (b) മേറ്റ്സ് റസീറ്റ്

   (c) കാർഗോ റസീറ്റ്

   (d) ഷിപ്പിംഗ് ഓർഡർ

3. താഴെ പ്പറയുന്നവയിൽ ബിസിനസ്സിന്റെ സവിശേഷത അല്ലാത്തത് ഏത് ?

   (a) ഉൽപാദനം

   (b) കൈമാറ്റം അല്ലെങ്കിൽ വിൽപന.

   (c) നിക്ഷേപകനുള്ള കൂലി അല്ലെങ്കിൽ വേതനം.

   (d) നഷ്ടസാധ്യതാ ഘടകം.

4. ഒറ്റപ്പെട്ടത് കണ്ടെത്തുക.

   (a) പലചരക്ക് കടക്കാർ

   (b) സ്പെഷ്യാലിറ്റി ഷോപ്പുകൾ

   (c) സട്രീറ്റ് സ്റ്റാളുകൾ

   (d) ചീപ്പ് ജാക്സ്

5. Respecting the religious sentiments and dignity of people in advertising a product is an example of _____ responsibility.

(a) Legal

(b) Ethical

(c) Economic

(d) Discretionary

6. Name a form of business organization found only in India.

7. Which of the following is not an external source of finance ?

(a) Preference share

(b) Public deposits

(c) Commercial paper

(d) Equity share

8. Name the Small scale unit in which investment in plant and machinery does not exceed rupees 25 lakh.

9. Complete the series.

Partnership – Partner

Company – ?

(6 × 2 = 12)

**Answer any six questions from 10 to 16. Each carries 2 Scores.**

10. Briefly explain any two arguments against the social responsibility of business.

11. Differentiate between licensing and franchising.

5. ഉല്പന്നങ്ങളുടെ പരസ്യങ്ങളിൽ ജനങ്ങളുടെ മതവികാരവും അന്തസ്സും മാനിക്കുന്നത് ഏതുതരം ഉത്തരവാദിത്വത്തിന് ഉദാഹരണമാണ്.

(a) നിയമപരം

(b) ധാർമ്മികം

(c) സാമ്പത്തികം

(d) വിവേചനപരം

6. ഇന്ത്യയിൽ മാത്രം കാണുന്ന ഒരു ബിസിനസ്സ് രൂപത്തിന്റെ പേര് എഴുതുക.

7. താഴെ പറയുന്നവയിൽ ധന ഉറവിടത്തിന്റെ ബാഹ്യ സ്രോതസ്സിൽ പെടാത്തത് ഏത് ?

(a) മുൻഗണനാ ഓഹരികൾ

(b) പൊതു നിക്ഷേപം

(c) കോമേഴ്സ്യൽ പേപ്പർ

(d) സാധാരണ ഓഹരികൾ

8. പ്ലാന്റ് ആൻഡ് മെഷിനറികളിൽ ഉള്ള നിക്ഷേപം 25 ലക്ഷം രൂപയിൽ കവിയാത്ത ചെറുകിട വ്യവസായ യൂണിറ്റിന്റെ പേര് എഴുതുക.

9. ശ്രേണി പൂർത്തിയാക്കുക.

പങ്കാളിത്തം – പങ്കാളി

കമ്പനി – ?

**10 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(6 × 2 = 12)**

10. ബിസിനസ്സിന്റെ സാമൂഹിക ഉത്തരവാദിത്വത്തിനെതിരായുള്ള ഏതെങ്കിലും രണ്ട് വാദങ്ങളെകുറിച്ച് ചുരുക്കി വിവരിക്കുക.

11. ലൈസൻസിങ്ങും ഫ്രാൻഞ്ചൈസിങ്ങും തമ്മിലുള്ള വ്യത്യാസം കുറിക്കുക.

12. Name any two companies that provide DTH services in India.

13. "As a source of finance retained earnings is a better option than other sources." Justify the statement.

14. Justify the need for business process outsourcing by giving any two points.

15. List any two Indian companies that have issued GDR's.

16. "Mail order houses provide a lot of convenience to the customers, yet they are not very popular." Give any two reasons to support this statement.

**Answer any 4 questions from 17 to 21. Each carries 3 Scores.** **(4 × 3 = 12)**

17. List out any three allied services provided by commercial banks.

18. Dr. Raju is working in City Hospital, Chennai as medical officer. Mention the category of economic activity in which Dr. Raju belongs to. State any two features of this activity.

19. Mr. Hari decided to import some machinery for his proposed garment making unit. As a commerce student prepare a brief report about the steps involved in import procedure for information to Hari.

20. Huge capital resources and use of advanced technologies are the specialities of global enterprises. Explain any other three features of these enterprises.

21. Write a report on contract manufacturing in international business.

12. ഇന്ത്യയിൽ ഡിറ്റിഎച്ച് (DTH) സേവനം നൽകുന്ന ഏതെങ്കിലും രണ്ട് കമ്പനികളുടെ പേര് എഴുതുക.

13. "ഒരു ധനത്തിന്റെ ഉറവിടം എന്ന നിലയിൽ കരുതൽ ലാഭം മറ്റു ധന ഉറവിട മാർഗ്ഗങ്ങളേക്കാൾ മികച്ചതാണ്" ഈ പ്രസ്താവനയെ സാധൂകരിക്കുക.

14. ബിസിനസ്സിന്റെ പുറം കരാർ നൽകലിന്റെ ഏതെങ്കിലും രണ്ട് ആവശ്യകതകൾ വ്യക്തമാക്കുക ?

15. ആഗോള നിക്ഷേപ പത്രം (ജി.ഡി.ആർ) ഇറക്കിയിട്ടുള്ള ഏതെങ്കിലും രണ്ട് ഇന്ത്യൻ കമ്പനികളുടെ പേര് നൽകുക.

16. "ഉപഭോക്താക്കൾക്ക് മെയിൽ ഓർഡർ സ്ഥാപനങ്ങൾ അനേകം സൗകര്യങ്ങൾ നൽകുന്നുണ്ടെങ്കിലും അവ അത്ര പ്രശസ്തമല്ല." ഈ പ്രസ്താവനയെ സാധുകരിക്കുന്നതിനുള്ള ഏതെങ്കിലും രണ്ട് കാരണങ്ങൾ നൽകുക.

**17 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 3 സ്കോർ വീതം.** **($4 \times 3 = 12$)**

17. വാണിജ്യ ബാങ്കുകൾ നൽകാറുള്ള ഏതെങ്കിലും മൂന്ന് അനുബന്ധ സേവനങ്ങളെ പട്ടികപ്പെടുത്തുക.

18. ഡോക്ടർ രാജു ചെന്നൈ സിറ്റി ഹോസ്പിറ്റലിൽ മെഡിക്കൽ ഓഫീസറായി ജോലിനോക്കുന്നു. ഡോക്ടർ രാജു ഏർപ്പെട്ടിരിക്കുന്ന സാമ്പത്തിക പ്രവർത്തനം ഏത്. ഇതിന്റെ ഏതെങ്കിലും രണ്ട് പ്രത്യേകതകൾ രേഖപ്പെടുത്തുക.

19. ശ്രീ. ഹരി ആരംഭിക്കാൻ പോകുന്ന പുതിയ ഗാർമന്റ് സ്ഥാപനത്തിന് ആവശ്യമായ ചില യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്യുവാൻ തീരുമാനിച്ചു. ഒരു കോമേഴ്സ് വിദ്യാർത്ഥി എന്ന നിലക്ക് ഹരിയുടെ അറിവിലേക്ക് നൽകുന്നതിനായി ഇറക്കുമതി നടപടിക്രമങ്ങളുടെ വിവിധ ഘട്ടങ്ങളെ കുറിച്ചുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുക.

20. കൂടുതൽ മൂലധന വിഭവങ്ങളും ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗവുമാണ് ആഗോള സംരംഭങ്ങളുടെ പ്രധാന സവിശേഷതകൾ. ഇവയുടെ മറ്റേതെങ്കിലും മൂന്ന് സവിശേഷതകളെ കുറിച്ച് ചുരുക്കി വിവരിക്കുക.

21. അന്തർദേശിയ ബിസിനസ്സിൽ കരാറടിസ്ഥാനത്തിലുള്ള നിർമ്മാണം എന്ന ആശയത്തെകുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.

**Answer any 4 questions from 22 to 26. Each carries 4 Scores.** **(4 × 4 = 16)**

22. Commonly used payment mechanism for online transactions are debit / credit cards. Briefly explain the other methods of payment for online transactions.

23. Entrepreneurs find it very difficult to run a small scale industries in India. Explain any four such important problems faced by small business.

24. Amal, Binu and Chandran decided to start a partnership business. They want to make a partnership deed. As a commerce student suggest them the possible aspects to be included in their proposed partnership deed.

25. Match the following :

| | | | |
|---|---|---|---|
| (a) | Prospectus | – | Transferability of shares |
| (b) | Public Company | – | Primary document |
| (c) | Articles of Association | – | Invitation to public |
| (d) | Memorandum of Association | – | Internal document |

26. Alpha Ltd. decided to raise fund for its expansion programme. As a finance manager what are the factors you should consider while choosing a suitable source of finance for the company ? (any four factors)

**Answer any three questions from 27 to 30. Each carries 5 Scores.** **(5 × 3 = 15)**

27. Name the form of public sector enterprises that is constituted as an autonomous unit by an Act of Parliament. Explain any four features of such an organisation.

28. Briefly explain any five clauses of Memorandum of Association.

22 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 4 സ്കോർ വീതം. **(4 × 4 = 16)**

22. ഓൺലൈൻ ഇടപാടുകളിൽ പണം നൽകുന്നതിനായി "ഡെബിറ്റ് കാർഡ് അല്ലെങ്കിൽ ക്രെഡിറ്റ് കാർഡ് " ഇവയാണ് സാധാരണയായി ഉപയോഗിക്കാറുള്ളത്. ഓൺലൈൻ ഇടപാടുകൾക്ക് പണം നൽക്കുന്നതിനുള്ള മറ്റ് മാർഗ്ഗങ്ങളെ കുറിച്ച് ചുരുക്കി വിവരിക്കുക.

23. ഇന്ത്യയിൽ ചെറുകിട സ്ഥാപനങ്ങൾ നടത്തുന്നതിന് സംരംഭകർക്ക് വലിയ പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരുന്നു. ചെറുകിട ബിസിനസ്സിന്റെ ഏതെങ്കിലും നാല് പ്രശ്നങ്ങളെ പറ്റി വിവരിക്കുക.

24. അമൽ, ബിനു, ചന്ദ്രൻ എന്നിവർ ചേർന്ന് ഒരു പങ്കാളിത്ത ബിസിനസ്സ് ആരംഭിക്കുവാൻ തീരുമാനിച്ചു . അവർ ഒരു പങ്കാളിത്ത പ്രമാണം ഉണ്ടാക്കുവാൻ ആഗ്രഹിക്കുന്നു. ഒരു കോമേഴ്സ് വിദ്യാർത്ഥി എന്ന നിലയിൽ അവരുടെ പ്രസ്തുത പങ്കാളിത്ത പ്രമാണത്തിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ ഏതൊക്കെയെന്ന് നിർദ്ദേശിക്കുക.

25. ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (a) | പ്രോസ്പക്ടസ് | – | ഓഹരികളുടെ കൈമാറ്റം. |
| (b) | പബ്ലിക് കമ്പനി | – | പ്രാഥമിക പ്രമാണം |
| (c) | ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ | – | പൊതുജനങ്ങൾക്കുള്ള ക്ഷണം |
| (d) | മെമോറാണ്ടം ഓഫ് അസോസിയേഷൻ | – | ആന്തരിക പ്രമാണം. |

26. ആൽഫാ ലിമിറ്റഡ് അവരുടെ വിപുലീകരണ പദ്ധതിയുടെ ഭാഗമായി ഫണ്ട് സമാഹരിക്കാൻ തീരുമാനിച്ചു. ഒരു ഫിനാൻസ് മാനേജർ എന്ന നിലയിൽ അനുയോജ്യമായ ഫണ്ടുകളുടെ ഉറവിടം തിരഞ്ഞെടുക്കുന്നതിൽ നിങ്ങൾ എന്തെല്ലാം ഘടകങ്ങൾ പരിഗണിക്കും. (ഏതെങ്കിലും നാല് ഘടകങ്ങൾ)

27 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം. **(5 × 3 = 15)**

27. പാർലമെന്റിൽ പ്രത്യേക നിയമം പാസാക്കി രൂപീകരിക്കപ്പെട്ട സ്വയംഭരണാവകാശമുള്ള പൊതു മേഘലാ സംഘടനാ രൂപം ഏത്. ഇതിന്റെ ഏതെങ്കിലും നാല് സവിശേഷതകൾ വിവിരിക്കുക.

28. മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെ ഏതെങ്കിലും അഞ്ച് ഉള്ളടക്കത്തെപറ്റി വിവരിക്കുക ?

P.T.O.

29. You are appointed as a CEO of a leading manufacturing company having many branches across the country. Explain the steps which you can take to ensure business ethics in your organisation. (Hint – Elements)

30. Explain any five factors that are important to be considered while starting a business.

**Answer any 2 questions from 31 to 33. Each carries 8 scores.** **(2 × 8 = 16)**

31. "It is a voluntary association of persons, who join together with the motive of welfare of the members."

    (a) Identify the form of organization referred above.

    (b) Explain any three features and four merits of this form of business.

32. Kalyani Associates, a leading umbrella manufacturer wants to store their products upto consumption in a safe place.

    (a) Name the business service available to them.

    (b) Explain any three types of this service.

    (c) Discuss its four functions.

33. Differentiate between Departmental Store and Multiple Shops.

29. രാജ്യം മുഴുവൻ അനേകം ശാഖകളുള്ള ഒരു നിർമ്മാണ കമ്പനിയുടെ സി.ഇ.ഒ. ആയി നിങ്ങളെ നിയമിച്ചിരിക്കുന്നു. നിങ്ങളുടെ സ്ഥാപനത്തിൽ ബിസിനസ്സ് ധാർമ്മികത ഉറപ്പുവരുത്തുന്നതിനായി എടുക്കുന്ന നടപടികളെക്കുറിച്ച് വിവിരിക്കുക. (സൂചകം – ഘടകങ്ങൾ)

30. ഒരു ബിസിനസ്സ് ആരംഭിക്കുമ്പോൾ പരിഗണിക്കേണ്ട ഏതെങ്കിലും അഞ്ച് പ്രധാന ഘടകങ്ങളെ കുറിച്ച് വിവരിക്കുക.

**31 മുതൽ 33 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

31. "അംഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനായി കുറേപ്പേർ സ്വമേധയാ കൂടിച്ചേർന്ന് രൂപീകരിക്കുന്ന സ്ഥാപനമാണിത്."

(a) മുകളിൽ പരാമർശിച്ചിട്ടുള്ള ബിസിനസ്സ് സംഘടനാ രൂപം ഏത്.

(b) ഈ ബിസിനസ്സ് സംഘടനാ രൂപത്തിന്റെ ഏതെങ്കിലും മൂന്ന് പ്രത്യേകതകളും നാല് മേന്മകളും വിവരിക്കുക.

32. പ്രമുഖ കുട നിർമ്മാതാക്കാളായ കല്യാണി അസോസിയേറ്റ്സ് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതുവരെ സുരക്ഷിതമായി സംഭരിച്ച് വെക്കുവാൻ ആഗ്രഹിക്കുന്നു.

(a) ഇതിനായി അവർക്ക് ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന ബിസിനസ്സ് സേവനം ഏത്.

(b) ഈ സേവനത്തിന്റെ ഏതെങ്കിലും മൂന്ന് തരങ്ങളെപറ്റി വിവരിക്കുക.

(c) ഇതിന്റെ നാല് ധർമ്മങ്ങൾ വ്യക്തമാക്കുക.

33. ഡിപ്പാർട്ടുമെന്റൽ സ്റ്റോറും മൾട്ടിപ്പിൾ ഷോപ്പും തമ്മിലുള്ള വ്യത്യാസങ്ങൾ ഏതെല്ലാം.